ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 01.05.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1) വേവ്സ് ഉച്ചകോടി സംസ്കാരത്തിൻറെയും, സർഗ്ഗാത്മകതയുടെയും ആഗോള തരംഗം സൃഷ്ടിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി മുംബൈയിൽ നിർവഹിച്ചു.

**Prime Minister Narendra Modi inaugurated the first World Audio Visual Entertainment Summit (WAVES) 2025 at Jio World Convention Centre in Mumbai today. PM said the World Audio Visual and Entertainment Summit (WAVES) is not an acronym, but it is a wave of culture, creativity, and universal connect.**

2) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. അതീവ സുരക്ഷയിൽ തിരുവനന്തപുരം.

**The Prime Minister will dedicate the Vizhinjam International port, India's first semi automated port to the nation tomorrow. Security intensified in Thiruvananthapuram ahead of PM's visit.**

3) ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം വെടിവയ്പ്പ് തുടരുന്നു. ശക്തമായ മറുപടി നൽകി ഇന്ത്യ. പാക് വിമാനങ്ങൾക്ക് ഇന്ത്യൻ വ്യോമാതിർത്തി അടച്ചു.

Pakistan violated the ceasefire for the seventh consecutive night along the Line of Control in Jammu and Kashmir. e Indian Army effectively responded to provocations. India closes its airspace for Pakistan airlines in the wake of Pahalgam terror attack.

4) സമൂഹ നീതിയ്ക്കായുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിജ്ഞാബദ്ധതയാണ് ജാതി സെൻസസിന് പിന്നിലെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ.

Union Education Minister Dharmendra Pradhan said the decision to conduct a caste census reflects the NDA government's commitment to social justice.

5) തൊഴിലവകാശങ്ങൾക്കായുള്ള പോരാട്ടങ്ങൾ ഓർമപ്പെടുത്തി ഇന്ന് മെയ് ദിനം.

Declaring solidarity for worker's right, International Worker's Day being celebrated today.

6) ഐ പി എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഇന്ന് മുംബൈ ഇന്ത്യൻസിനെ നേരിടും.
In IPL T20 Cricket, Rajasthan Royals will take on Mumbai Indians at Sawai Mansingh Stadium in Jaipur today.

**************************

## PM -WAVES (INTRO)

ലോക ദൃശ്യ, ശ്രാവ്യ വിനോദ ഉച്ചകോടി, വേവ്സ് 2025 സംസ്കാരത്തിൻറെയും, സർഗ്ഗാത്മകതയുടെയും ആഗോള തരംഗം സൃഷ്ടിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മുബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ ഉച്ചകോടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു

അദ്ദേഹം. സർഗ്ഗാത്മക മേഖലയിലെ ഇന്ത്യയുടെ ശക്തി ലോകത്തിന് മുന്നിലെത്തിക്കാനുള്ള വേദിയായ വേവ്സ് കലാസൃഷ്ടികൾക്കായുള്ള നൂതനാശയങ്ങൾക്ക് പ്രോത്സാഹനം പകരുമെന്നും പ്രധാനമന്ത്രി പറഞ്ഞു. നൂറോളം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാരെയും, നൂതനാശയ സ്രഷ്ടാക്കളെയും ആകർഷിക്കാൻ വേവ്സ് ഉച്ചകോടിയ്ക്ക് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

ചലച്ചിത്ര നിർമാണം, ഡിജിറ്റൽ കണ്ടൻറ്, ഗെയിമിങ്ങ്, ഫാഷൻ, സംഗീതം തുടങ്ങിയ മേഖലയിലെ ശ്രദ്ധാ കേന്ദ്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

**************************

## VAISHNAW-WAVE SUMMIT

WAVES ഉച്ചകോടി പുതിയ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുമെന്ന് വാർത്ത വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു. കണ്ടൻറ് നിർമാതാക്കൾക്ക് ഉച്ചകോടി ആഗോള വേദി ഒരുക്കുന്നതായും, പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുന്നതിന് സഹായം നൽകുന്നതായും

അദ്ദേഹം വ്യക്തമാക്കി. മുംബൈയിൽ 400 കോടി രൂപ ചിലവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി സ്ഥാപിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചു.

**************************

## WAVES (intro)

ഓഡിയോ-വിഷ്വൽ, എൻറർടെയിൻമെൻറ് മേഖലകളുടെ ഭാവി സംബന്ധിച്ച ചർച്ചകൾക്ക് ആഗോള വേദിയൊരുക്കുകയാണ് നാല് ദിവസം നീളുന്ന വേവ്സ് ഉച്ചകോടിയുടെ ലക്ഷ്യം. മാധ്യമ, വിനോദ, ഡിജിറ്റൽ സാങ്കേതിക രംഗത്ത് ഇന്ത്യയെ ആഗോളശക്തിയാക്കി മാറ്റാനും ഉച്ചകോടി ലക്ഷ്യമിടുന്നു. സിനിമ, ഒടിടി, ഗെയിമിങ്, കോമിക്സ് , നിർമ്മിത ബുദ്ധി, സംപ്രേഷണം, സാങ്കേതിക വിദ്യ തുടങ്ങി വിവിധ

മേഖലകളെ കോർത്തിണക്കിയാണ് വേവ്സ് 2025 സംഘടിപ്പിച്ചിരിക്കുന്നത്. മാധ്യമ, വിനോദ രംഗങ്ങളിലെ ആഗോള പ്രമുഖരടക്കം 100 രാജ്യങ്ങളിൽ നിന്നായി 5,000 ത്തോളം പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.
(മ്യൂസിക്)

**************************

## Vizhijam (Intro)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ, മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...
(ഹോൾഡ്)

മഹാരാഷ്ട്രയിൽ നിന്നും ഇന്ന് വൈകുന്നേരം 7.50 ഓടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി തിരുവനന്തപുരത്ത് എത്തുക. രാജ് ഭവനിൽ തങ്ങിയ ശേഷമായിരിക്കും അദ്ദേഹം നാളെ വിഴിഞ്ഞത്ത് എത്തുക.

**************************

## MORN. INDIA PAK AIRSPACE

പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പാക് വിമാനങ്ങൾക്ക് മുന്നിൽ വ്യോമ പാതകൾ അടച്ച് ഇന്ത്യ. ഏപ്രിൽ 30 മുതൽ മേയ് 23 വരെയാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. തുടർന്നുള്ള നടപടി അടുത്ത ഘട്ടത്തിൽ സ്വീകരിക്കും. ഇത് സംബന്ധിച്ച് പാക് വിമാനകമ്പനികൾക്ക് നോട്ടീസ് നൽകിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിൻറെ

പശ്ചാത്തലത്തിൽ ദേശീയ സുരക്ഷാ ഉപദേശക സമിതിയും കേന്ദ്രസർക്കാർ പുനഃസംഘടിപ്പിച്ചു . റോ- മുൻ മേധാവി ആലോക് ജോഷിയാണ് സമിതിയുടെ പുതിയ ചെയർമാൻ.

**************************

## LOC-FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ തുടർച്ചയായ ഏഴാം ദിവസവും വെടിനിർത്തൽ കരാർ ലംഘനം നടത്തി പാകിസ്ഥാൻ. പാക് സൈന്യം ഇന്നലെ രാത്രി നടത്തിയ വെടിവയ്പ്പിനെ ഇന്ത്യൻ സേന ഫലപ്രദമായി നേരിട്ടു. കുപ്വാര, ഉറി, അഖ്നൂർ മേഖലകളിലാണ് പാക് സൈനിക പോസ്റ്റുകളിൽ നിന്നും പ്രകോപനമില്ലാതെ വെടിവെയ്പ്പുണ്ടായത്.

**************************

## Caste Census

അടുത്ത പൊതുസെൻസസിനൊപ്പം, ജാതി സെൻസസ് കൂടി ഉൾപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ രാഷ്ട്രീയ കാര്യ സമിതി യോഗമാണ് ഇത് സംബന്ധിച്ച തീരുമാനം കൈകൊണ്ടത്. രാജ്യതാത്പര്യം പരിഗണിച്ചാണ് നടപടിയെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. സമൂഹ നീതിയ്ക്കായുള്ള എൻഡിഎ സർക്കാരിൻറെ പ്രതിജ്ഞാബദ്ധതയാണ് ഇതിനു പിന്നിലെന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞു. രാഷ്ട്രീയ പരിഗണനയ്ക്കുപരി എല്ലാ ജനങ്ങളും തീരുമാനത്തെ പിന്തുണയ്ക്കുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

**************************

## PM-Ujjwala Yojana

പ്രധാനമന്ത്രി ഉജ്ജ്വല യോജന ഇന്ന് ശ്രദ്ധേയമായ ഒമ്പത് വർഷങ്ങൾ പൂർത്തിയാക്കുന്നു. ശുദ്ധമായ പാചക ഇന്ധനം എല്ലാവർക്കും ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ

ഉദ്യമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ് 2016 മെയ് മാസത്തിൽ ആരംഭിച്ച ഈ പദ്ധതി.
ദരിദ്ര കുടുംബങ്ങൾക്കും, പ്രായമായ വനിതകൾക്കും ഒരു തുകയും നിക്ഷേപമായി സ്വീകരിക്കാതെ തന്നെയാണ് ഉജ്വല യോജനയിലൂടെ പാചക വാതക കണക്ഷനുകൾ ലഭ്യമാക്കുന്നത്. ആരോഗ്യവും, പാരിസ്ഥിതിക സുസ്ഥിരതയും, വനിതാ ശാക്തീകരണവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2016 മെയ് മാസത്തിൽ PMUY ആരംഭിച്ചത്. മാർച്ച് 1 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്ത് നിലവിൽ 10.33 കോടി PMUY കണക്ഷനുകളുണ്ട്

**************************

## May Day

ഇന്ന് മേയ് ദിനം. എട്ടു മണിക്കൂർ ജോലിസമയം എന്ന അവകാശം നേടിയെടുക്കാൻ തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളുടെ സ്മരണ പുതുക്കലായാണ് ലോകം മേയ് 1 സാർവദേശീയ തൊഴിലാളി ദിനമായി ആഘോഷിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലിൻറെ മഹത്വത്തെത്തെ ബഹുമാനിക്കാനും മെയ് ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാജ്യത്തൊട്ടാകെയുള്ള തൊഴിലാളികൾക്ക് മേയ് ദിന ആശംസകൾ നേർന്നു. രാഷ്ട്രനിർമ്മാണത്തിന്റെ നെടുംതൂണുകളാണ് തൊഴിലാളികളെന്ന് അദ്ദേഹം പറഞ്ഞു. തൊഴിലാളി വർഗ്ഗത്തിൻറെ വിമോചന മുദ്രാവാക്യമാണ് ഓരോ മെയ് ദിനവും മുഴക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

**************************

## Maha -Guj Greetings

മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളുടെ രൂപീകരണ ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു.
ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ ഈ

സംസ്ഥാനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. രാജ്യപുരോഗതിയിലും, സംരംഭകത്വത്തിലും സുപ്രധാന പങ്കാണ് മഹാരാഷ്ട്രയും, ഗുജറാത്തും വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

**************************

## ASHA activists – Strike

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ 43 ദിവസമായി നടത്തി വന്ന നിരാഹാര സമരം അവസാനിപ്പിച്ചു. 'രാപകൽ സമരയാത്ര' എന്ന പുതിയ സമരഘട്ടത്തിന് തുടക്കം കുറിക്കുന്ന സാഹചര്യത്തിലാണ് നിരാഹാര സമരം അവസാനിപ്പിക്കുന്നതെന്ന് സമര സമിതി അറിയിച്ചു.

**************************

## Rapper – Vedan

പുലിപ്പല്ല് കേസിൽ റാപ്പർ വേടനെതിരെ പ്രഥമദൃഷ്ട്യാ കുറ്റകൃത്യം നിലനിൽക്കില്ലെന്ന് കോടതി. നിലവിലെ തെളിവുകൾ അപര്യാപ്തമാണെന്നും, മാലയിലെ പുലിപ്പല്ല് യഥാർത്ഥമാണോ എന്ന് ഇതുവരെ കണ്ടെത്താനായിട്ടില്ലെന്നും പെരുമ്പാവൂർ സി ജെ എം കോടതിയുടെ ജാമ്യ ഉത്തരവിൽ പറയുന്നു. ഇയാൾ പുലിയെ വേട്ടയാടിയതായി വനംവകുപ്പിന് പരാതിയില്ലെന്നും ഉത്തരവിൽ പറയുന്നുണ്ട്.

**************************

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30ന് സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നാലു വിക്കറ്റിന് പരാജയപ്പെടുത്തി.

**************************

## GOLD

സ്വർണവിലയിൽ വൻ ഇടിവ് . പവന് 1,640 രൂപ കുറഞ്ഞ് 70,200 രൂപയും, ഗ്രാമിന് 205 രൂപ കുറഞ്ഞ് 8,775 രൂപയുമാണ് ഇന്നത്തെ വില.

**************************

## INDIA - GAZA

ഗാസയിൽ സമാധാനം പുനസ്ഥാപിക്കുന്ന പ്രവർത്തനങ്ങളോടുള്ള പ്രതിജ്ഞാബദ്ധത ആവർത്തിച്ച് ഇന്ത്യ. യുഎൻ രക്ഷാ സമിതിയിൽ പലസ്തീനുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലാണ് ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ്, നിലപാട് വ്യക്തമാക്കിയത്.

ഇസ്രായേലുമായും പലസ്തീനുമായും അടുത്ത ബന്ധം നിലനിർത്തുന്ന ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**************************

## JAISHANKAR-RUBIO

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്നലെ യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയുമായി സംഭാഷണം നടത്തി. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. ഭീകരാക്രമണത്തിന് പിന്നിൽ

പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

**************************

*******************

********